പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3216 — 19.06.2019 ൽ മറുപടിയ്ക്ക്

## തരിശു ഭൂമിയിൽ കൃഷി

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശുഭൂമിയിൽ കൃഷിയിറക്കിയതിനെത്തുടർന്ന് ഉല്പാദിപ്പിക്കപ്പെട്ടിട്ടുള്ള കാർഷികോല്പന്നങ്ങളുടെ കണക്ക് വിശദമാക്കാമോ; | എ) | നെല്ല്, പച്ചക്കറി എന്നീ വിളകളാണ് തരിശുനില കൃഷിയിൽ മുൻഗണന നൽകിയത്. ഇത് വഴി 33421.0187 ടൺ അരി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറികളുടെ ഉല്പാദനം 7.25 ലക്ഷം ടണ്ണിൽ നിന്ന് 12.12 ലക്ഷം ടണ്ണായി വർദ്ധിച്ചു. |
| ബി) | തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | ബി) | തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും, മൂന്നാം വർഷം 4500/- രൂപയും ആണ് ധനസഹായമായി നൽകുന്നത്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും, മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്. മൂന്നു വർഷങ്ങളിലായി 11936.078 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യിക്കുവാൻ ഈ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്.<br><br>തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതു പോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയുമാണു ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും |

പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

തരിശു ഭൂമി നെൽകൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനു പദ്ധതിയധിഷ്ഠിതമായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ, സ്മാം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ എന്നിവയിലൂടെ ധനസഹായം ലഭ്യമാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**